# ചരിത്രത്തിലേക്ക് ഒരു നഗ്നയോട്ടം

ഇന്ത്യയിൽ വാർത്താ പ്രാധാന്യം നേടിയ ആദ്യ നഗ്ന ഓട്ടം റിപ്പോർട്ട് ചെയ്തത് ഈ ലേഖകനാണ്; ഈ ലേഖകൻ മാത്രം.

എറണാകുളത്ത് ബ്രോഡ്‌വേയിൽ കൂടി നാല് ലോ കോളജ് വിദ്യാർത്ഥികൾ തുണിയില്ലാതെ ഓടി ഇന്ത്യയുടെ ചരിത്രത്തിൽ ഇടം കണ്ടെത്തി.

ഷോപ്പിംഗിന്റെ സിരാകേന്ദ്രം ആയിരുന്നു അന്ന് ബ്രോഡ്‌വെ. സന്ധ്യയ്ക്കു തൊട്ടു മുമ്പായിരുന്നു ഓട്ടം. കണ്ടവർ, കണ്ടവർ സ്തംഭിച്ചു കൽത്തൂണുകളായി.



സ്വന്തം കണ്ണുകളെ വിശ്വസിക്കാനാവാത്ത വിഭ്രാന്തിയിൽ ജനം അമർന്നു.

മരവിപ്പു കഴിഞ്ഞു ബ്രോഡ്‌വേ വീണ്ടും ആരവത്തോടെ ചലിച്ചു തുടങ്ങിയപ്പോൾ ഞാൻ നിശബ്ദം പിൻവാങ്ങി.

ഇനി ഫ്ളാഷ് ബാക്ക്: ഇംഗ്ലണ്ടിൽ ക്രിക്കറ്റ് ആസ്വദിച്ചിരുന്ന ജനത്തിന്റെ മുന്നിലൂടെ ഒരു പെൺതരി തുണി ഇല്ലാതെ ഓടിയത് 1974 ൽ. അത് വിദേശ പത്രങ്ങളിൽ സ്ഥാനം പിടിച്ചിരുന്നു. എഴുപതുകൾക്ക് ഒരു പ്രത്യേകത ഉണ്ടായിരുന്നു. എന്തിനെതിരെയും, അമർഷത്തോടെ പ്രതികരിക്കുക. കേരളത്തിൽ കൊച്ചിയിലെ നിയമവിദ്യാർത്ഥികളാണ് പ്രതികരണ ശേഷിയുള്ളവരെന്ന് തെളിയിച്ചത്.

തുടക്കം ലോകോളജ് ഹോസ്റ്റലിലെ ഒരു മുറിയിൽ. അവിടെ സമാന ചിന്താഗതിക്കാരായ ഒരു സംഘത്തിന്റെ ജലപാന സദസ്. സമൂഹത്തിന്റെ പോക്ക് മൊത്തം അത്ര ശരിയല്ലെന്ന് വിലയിരുത്തൽ. എങ്കിൽ എന്തു പരിഹാരം? ഒരു ഞെട്ടിക്കൽ ചികിത്സ വേണമെന്ന് ചിലർ. ആലോചന മുറുകിയപ്പോൾ കണ്ടെത്തിയ ആശയമാണ് സ്ട്രീക്കിംഗ്; എന്നു പറഞ്ഞാൽ നഗ്ന ഓട്ടം.

ഒരു കൊല്ലത്തെ മെഡിക്കൽ പഠനം കൊഴിഞ്ഞു വീണപ്പോൾ, കൊച്ചിയിൽ താവളം ഉറപ്പിച്ച ചെറുപ്പക്കാരനുമുണ്ടായിരുന്നു കൂട്ടത്തിൽ. ഒരു മുൻ

വിദ്യാർത്ഥി നേതാവ് കൂടിയായ കോമളചന്ദ്രൻ. കോമളൻ പിന്നീട് പത്രക്കാരനായി എക്സപ്രസ് ദിന പത്രത്തിൽ എത്തി. എന്റെ ചങ്ങാതിയായിരുന്നു കോമളൻ. പ്രസ് ക്ലബിൽ എത്തിയ കോമളൻ എന്നെ വിളിച്ചു മാറ്റി നിർത്തി ഒരു സ്വകാര്യം പറഞ്ഞു.

പറഞ്ഞ സ്വകാര്യം: ലോ കോളജിലെ നാലു വിദ്യാർത്ഥികൾ ഒരു ഞെട്ടിക്കൽ പരിപാടിക്ക് ഒരുക്കമാണ്. അവർ കൂട്ടമായി ഉടുതുണി ഇല്ലാതെ ഓടും. മാതൃഭൂമിയിലൂടെ ഞാൻ അത് ഭംഗിയായി കൈകാര്യം ചെയ്യണം. പാർക്കിന്റെ ഭാഗത്ത് രാത്രിയിൽ ഓടാനാണ് ഉദ്ദേശം.

ഞാൻ സമ്മതിച്ചു; ഉപാധികളോടെ. ഓട്ടം പാർക്കിന്റെ ഭാഗത്തല്ല, ബ്രോഡ്വെയിലാണ് വേണ്ടതെന്നും, അത് സന്ധ്യക്കു തൊട്ടുമുമ്പായിരിക്കണമെന്നും ഞാൻ പറഞ്ഞു. ഇതാണ് പ്രധാന കണ്ടീഷൻ.

ഞാൻ വിശദീകരിച്ചു; ബ്രോഡ്വേയിലെ ഓട്ടം എന്നാൽ കൂടുതൽ വലിയ വാർത്ത. വിദ്യാർത്ഥികളെ കാര്യം പറഞ്ഞു മനസിലാക്കി അഞ്ചു മണിയോടെ വരാൻ പറഞ്ഞു.

അഞ്ചുമണിക്ക് സ്ട്രീക്കിംഗ് താരങ്ങൾ ഹാജർ. ആരും പ്രസ്ക്ലബിൽ കയറിയില്ല. നിരത്തുവക്കിൽ നിന്നുകൊണ്ട് അവസാന വട്ട കാര്യങ്ങൾ നിശ്ചയിച്ചു.

പിന്നെ നീക്കം ഞൊടിയിടയിലായിരുന്നു. കൃഷ്ണൻനായർ സ്റ്റുഡിയോയിൽ നിന്ന് ജനാർദനനെ ഞാൻ വിളിച്ചു വരുത്തുന്നു. എറണാകുളത്ത് കിട്ടാവുന്ന നല്ല ഫോട്ടോഗ്രാഫറാണ് ജനാർദ്ദനൻ. എല്ലാവരും ബ്രോഡ്വേയിലേക്ക് നീങ്ങി. ബ്രോഡ്വേയുടെ തുടക്കത്തിൽ പോസ്റ്റ് ഓഫീസും ഭാരത് കഫേയും. ഫോട്ടോഗ്രാഫർ നിരത്തുവക്കിൽ നിന്നു. അര ഫർലോംഗ് അകലെ ചാക്കോളാസ് സിൽക്ക് ഹൗസിനു തൊട്ടുള്ള ആളൊഴിഞ്ഞ ഇടവഴിയിൽ സ്ട്രീക്കിംഗ് താരങ്ങളും. സൗകര്യത്തിന് നാലുപേരും അടിവസ്ത്രം ഒഴിവാക്കി മുണ്ടും ഷർട്ടും ധരിച്ചാണ് വന്നത്. അഞ്ചാമനായി വന്ന ചങ്ങാതിയുടെ ജോലി ഊരി ഇടുന്ന ഉടുവസ്ത്രങ്ങൾ സൂക്ഷിക്കുകയും, ഓട്ടം അവസാനിക്കുന്നിടത്ത് എത്തിക്കുകയുമാണ്. അതിന് കാർ റെഡിയാക്കി നിർത്തി.

മണി ആറരയോട് അടുക്കുന്നു. നിമിഷങ്ങൾ പറപറക്കുന്നു. തികച്ചും ഹൃദയം ഇടിക്കുന്ന ആകാംക്ഷാഭരിതമായ നിമിഷങ്ങൾ. അതാ- ഓടി വരുന്നു ആൺപിള്ളേർ നാലെണ്ണം പിറന്നപടി.

ബ്രോഡ്വേ നിശ്ചലം!

ജനം സ്തംഭിച്ചു.

വിശ്വസിക്കാനാവാത്തവർ വീണ്ടും വീണ്ടും നോക്കി.

സ്ത്രീകൾ ഞെട്ടിത്തെറിച്ച് തലതാഴ്ത്തി.

ജനാർദനന്റെ ഫ്ളാഷ് മിന്നിയതോടെ ഞാൻ മെല്ലെ പിൻവാങ്ങി. സ്തം

ഭിച്ചു നിന്ന ജനം ആരവത്തോടെ ഇളകിയപ്പോൾ, കൂട്ടത്തിൽ ഒരാളായി ഞാനും നടന്നു നീങ്ങി.

ജനാർദനൻ വരുന്നു; വിഷണ്ണനായി. 'കാമറ പറ്റിച്ചു' എന്ന് ഉരുവിട്ട് ജനാർദനൻ ഓടുകയാണ്. റെസ്റ്റ് ഹൗസ് കവലയുടെ മുക്കിൽ നിരാശനായി ഞാൻ നിന്നു. സന്ധ്യമയങ്ങുകയാണ്. അതാ, ഫോട്ടോഗ്രാഫർ വീണ്ടും പ്രത്യക്ഷപ്പെടുന്നു. ഇക്കുറി സന്തോഷത്തിലാണ്.'' സഹകരിക്കുന്ന ചെറുപ്പക്കാർ!''.

വീണ്ടും ഓടാൻ പറയേണ്ട താമസം അവർ ഓടി. ഇക്കുറി ലോ കോളജിനു നിരത്തിലും, പരിസരങ്ങളിലുമായി. ഒന്നല്ല, പല പ്രാവശ്യം.

പിറ്റേന്ന് മാതൃഭൂമിയിൽ ഒന്നാം പുറത്ത് വാർത്തയും പടവും കണ്ട് നഗരവാസികൾ അന്ധാളിച്ചു. ദൂരെ പോകുന്ന കോപ്പികളിലും, റിപ്പോർട്ടും പടവും കൊടുത്തിരുന്നു. വീശി അടിച്ചു കൊടുത്തിരുന്നില്ല. എന്റെ പേരും ചേർത്തിരുന്നില്ല.

കരുതലോടെ വാർത്ത കൈകാര്യം ചെയ്യുക അന്നത്തെ മാതൃഭൂമിയുടെ സ്ഥിരം സമ്പ്രദായമായിരുന്നു. എങ്കിലെന്ത്? നാട്ടിലാകെ അത് സംസാര വിഷയമായി.

പിന്നെ എന്തുണ്ടായി എന്നല്ലേ? വിദ്യാർത്ഥികൾക്ക് വീട്ടിൽ ശകാരം. കോളജിൽ താക്കീത്. സ്വന്തക്കാർ ചന്തി കണ്ടാലും തിരിച്ചറിയുമെന്ന് അവർ മനസിലാക്കി. പ്രിൻസിപ്പാൾ ഫിലിപ്പ് തയ്യിൽ അവരെ പുറത്താക്കുമെന്ന് പറഞ്ഞു. പിന്നെ താക്കീതിൽ ഒതുക്കി. കുഴപ്പക്കാരെന്നു മുദ്രകുത്താൻ മുൻ റെക്കോഡുകളൊന്നും അവർക്കെതിരെ ഉണ്ടായിരുന്നില്ല.

മാതൃഭൂമിയിലെ വാർത്തയും പടവും സംസ്ഥാനത്തിനു വെളിയിലുള്ള പത്രങ്ങൾ ലിഫ്റ്റ് ചെയ്തു. 40 പത്രങ്ങളിലെങ്കിലും വാർത്തയും പടവും വന്നു. ജനാർദനന് ചിത്രത്തിന്റെ ഏറെ പ്രിന്റുകൾ തപാലിൽ അയക്കേണ്ടി വന്നു. ചില പത്രങ്ങൾ മുഖ പ്രസംഗം എഴുതി. കേരള കൗമുദിയിൽ വന്ന മുഖ പ്രസംഗത്തിന്റെ തലക്കെട്ട്- '' കൊച്ചിയിലെ കുരങ്ങുകൾ''.

ഇന്ത്യയിൽ അക്കാലത്ത് ഏറെ പ്രശസ്തമായിരുന്ന ഇംഗ്ലീഷ് വാരിക ഇലസ്ട്രേറ്റഡ് വീക്കിലി പടം പ്രസിദ്ധീകരിച്ച് അടിക്കുറിപ്പ് എഴുതി: ''The naked apes of Kerala''.

ചരിത്രത്തിലേക്ക് ഓടിക്കയറിയ നാലു പേരിൽ ഒരാളേ അഭിഭാഷകനായുള്ളൂ. ഒരാൾ കസ്റ്റംസിൽ എത്തി. മറ്റു രണ്ടു പേർ ബിസിനസിലും. ഉത്തരേന്ത്യയിൽ പ്രതിമാ ബേദി സ്ട്രീക്കിംഗ് നടത്തിയത് സംസാര വിഷയമായി. അത് പിന്നീട്.

മനോരമ ആഴ്ചപ്പതിപ്പിന് മധുര സ്മരണകൾകൊണ്ട് തൊടുകുറി ചമയ്ക്കുന്ന പത്രാധിപർ തോമസ് ജേക്കബിന്റെ കമന്റ്. '' ഈ തുണിയില്ലാ ഓട്ടക്കഥയിൽ എന്റെ ഏറ്റവും വലിയ അത്ഭുതം മറ്റൊന്നാണ്. അന്ന് ആ വൈ

കുന്നേരം ബ്രോഡ്‌വേയിൽ ഇന്ത്യയിലെ ആദ്യത്തെ സ്ട്രീക്കിംഗ് നടന്നപ്പോൾ, ഇരുനൂറു വാര അകലെയുള്ള പ്രസ്ക്ലബിൽ മറ്റൊരു പത്ര ലേഖകനും അറിയാതെ പോയതെന്ത്?''

നടുറോഡിൽ ആയിരം കണ്ണുകളിൽ വിസ്മയം വിതറിയ സംഭവം മറ്റു പത്രക്കാരുടെ കണ്ണിൽ പെടാതെ പ്രസിദ്ധീകരിച്ചത് വലിയ നേട്ടം തന്നെയാണ്. അതിന് വാർത്ത സ്കൂപ്പ് എന്നു മാത്രം പറഞ്ഞാൽ മതിയോ? പോരെന്ന് ഞാൻ പറയും. അത് ഈ ലേഖകന്റെ സൂപ്പർ സ്കൂപ്പ്!